**File No.SJD/1636/2021-G4**

<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ: M ANJANA IAS)

ഉത്തരവ് നം. SJD/1636/2021-G4 (1)

തിരുവനന്തപുരം,
തീയതി. 09/10/2021

---

വിഷയം: സാമൂഹ്യനീതി വകുപ്പ് - മാതാപിതാക്കളുടേയും മുതിർന്ന പൗരന്മാരുടേയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം-2007-ഫലപ്രദമായി നടപ്പാക്കുന്ന പദ്ധതി - റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് വേതനം, ടി.എ. എന്നിവ അനുവദിക്കുന്നതിന് 2021-22 വർഷത്തെ രണ്ടാം ഘട്ട അലോട്ട്മെന്റ് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
1. സ.ഉ.(സാ.ധാ.)നം. 96/2018/സാ.നീ.വ തീയതി. 23-02-2018.
2. സ.ഉ.(സാ.ധാ.)404/2018/സാ.നീ.വ തീയതി. 30-06-2018
3. സ.ഉ.(പി)10/2018/ റ.വ തീയതി. 05-05-2018.
4. സ.ഉ.(പി)42/2018/ റ.വ തീയതി. 18-07-2018.
5. സ.ഉ.(എം.എസ്)നം.56/2017/ധന തീയതി. 28.04.2017.
6. G.O (Rt) No.342/2021/SJD തീയതി. 24-05-21.
7. G.O (Rt) No.275/2021/SJD തീയതി. 04-05-21.
8. ഈ കാര്യാലയത്തിലെ 17-05-21 ലെ SJD/379/19-G4 നം. ഉത്തരവ്.
9. സ.ഉ.(സാ.ധാ)650/2018/സാ.നീ.വ തീയതി. 13.11.2018.

മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച നിയമം 2007 സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ നോഡൽ ഏജൻസിയാണ് സാമൂഹ്യനീതി വകുപ്പ്. പ്രസ്തുത ആക്ട് പ്രകാരം പ്രാരംഭ ഘട്ടത്തിൽ സംസ്ഥാനത്തെ 21 റവന്യൂ ഡിവിഷൻ കാര്യാലയങ്ങളിൽ മെയിന്റനൻസ് ട്രൈബ്യൂണലുകൾ പ്രവർത്തനം ആരംഭിച്ചിരുന്നു. പരാമർശം (3) , (4) പ്രകാരം വിവിധ ജില്ലകളിലായി 6 റവന്യൂ ഡിവിഷനുകൾ കൂടി രൂപീകരിക്കുകയും, മേൽ ആക്ടിന്റെ അടിസ്ഥാനത്തിൽ മെയിന്റനൻസ് ട്രൈബ്യൂണലുകളായി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഇത്തരത്തിൽ സംസ്ഥാനത്ത് 27 റവന്യൂ ഡിവിഷണൽ ഓഫീസർമാരെ മെയിന്റനൻസ് ട്രൈബ്യൂണലുകളായി നോട്ടിഫൈ ചെയ്തിട്ടുണ്ടെങ്കിലും , ആവശ്യമായ ജീവനക്കാരെയോ , അടിസ്ഥാന സൗകര്യങ്ങളോ നൽകിയിരുന്നില്ല. ഈ സാഹചര്യത്തിൽ മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളുടെ ബാഹുല്യം , റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെ ഭാരിച്ച ജോലികൾ എന്നിവ കണക്കിലെടുത്ത് എല്ലാ R.D.O കാര്യാലയങ്ങളിലും ഓരോ ടെക്നിക്കൽ അസ്സിസ്റ്റന്റുമാരെയും , അവരുടെ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിനു ഒരു സ്റ്റേറ്റ് കോ -ഓർഡിനേറ്ററെയും കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന പദ്ധതിയ്ക്ക് പരാമർശം (1) , (2) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. പരാമർശം (5) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടെക്നിക്കൽ അസ്സിസ്റ്റന്റുമാരുടെ പരമാവധി ശമ്പളം 21,000/- രൂപയായും , മാസാന്തര ടി.എ 250/- രൂപയായും നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം നിയമിതരായ 27 ടെക്നിക്കൽ അസ്സിസ്റ്റന്റുമാർ 2021-22 വർഷത്തിലും

തുടരുന്നതിനും , ടി പദ്ധതി ഒരു തുടർ പദ്ധതിയായി പ്രഖ്യാപിച്ചുകൊണ്ടും, പരാമർശം (6) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

പ്രസ്തുത ടെക്നിക്കൽ അസ്സിസ്റ്റന്റുമാരിൽ കരാർ കാലാവധി അവസാനിച്ച ജീവനക്കാരെ പരാമർശം (7) , (8) ഉത്തരവുകൾ പ്രകാരം ഒരുവർഷത്തെയ്ക്ക് കൂടി കരാർ സേവനം ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. 2021-22 വർഷത്തിൽ പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി സംസ്ഥാനത്തെ 27 മെയിന്റനൻസ് ട്രൈബ്യൂണലുകളായി സേവനം ചെയ്തുവരുന്ന ടി ജീവനക്കാർക്ക് പ്രതിമാസം 21,000/- നിരക്കിൽ വേതനവും , 250/- രൂപ നിരക്കിൽ ടി.എ യും കണക്കാക്കി 2021 മാർച്ച് മുതൽ 2021 ആഗസ്റ്റ് മാസം വരെയുള്ള ഒന്നാം ഘട്ട ഫണ്ട് അനുവദിച്ചിരുന്നു. 2021 സെപ്റ്റംബർ മുതൽ 2022 ഫെബ്രുവരിവരെയുള്ള മാസങ്ങളിലേയ്ക്ക് വേതനവും, ടി.എയും നല്കുന്നതിനായി **29,74,582/-** രൂപയുടെ ഫണ്ട് അനുവദിക്കുന്നതിനായി വിവിധ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരിൽ നിന്നും അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ മേൽ ആവശ്യമായ തുക **ജില്ലാ സാമൂഹ്യനീതി ഓഫീസർമാരുടെ** പേരിൽ ചുവടെ പറയും പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ജില്ല | 2021 സെപ്റ്റംബർ മുതൽ 2022 ഫെബ്രുവരി വരെയുള്ള വേതനം / ടി എ എന്നിവ നല്കുന്നതിന് ആവശ്യമായ തുക. |
|---|---|---|
| 1 | തിരുവനന്തപുരം | 2,57,687 |
| 2 | ആലപ്പുഴ | 2,55,000 |
| 3 | പത്തനംതിട്ട | 2,53,696 |
| 4 | കോട്ടയം | 2,53,600 |
| 5 | ഇടുക്കി | 2,53,600 |
| 6 | എറണാകുളം | 2,55,000 |
| 7 | തൃശ്ശൂർ | 1,34,354 |
| 8 | പാലക്കാട് | 2,55,000 |
| 9 | മലപ്പുറം | 2,55,000 |
| 10 | കോഴിക്കോട് | 1,90,637 |
| 11 | വയനാട് | 1,27,500 |
| 12 | കണ്ണൂർ | 2,28,508 |
| 13 | കാസർഗോഡ് | 2,55,000 |
| | **ആകെ** | **29,74,582/-** |

**File No.SJD/1636/2021-G4**

ജില്ലാ സാമൂഹ്യനീതി ഓഫീസര്മാർ അർഹമായ മാസങ്ങളിലെ തുക മാറി ബന്ധപ്പെട്ട ജീവനക്കാരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്ത് നൽകേണ്ടതും , വേതന ഇനത്തിൽ അനുവദിക്കുന്ന തുകയുടെ 1% TDS ആയി ബന്ധപ്പെട്ടവരുടെ പാൻ നമ്പറിൽ ഒടുക്കേണ്ടതുമാണ്. **വേതന തുക കണക്കാക്കുമ്പോൾ ബന്ധപ്പെട്ട ജീവനക്കാരുടെ അറ്റൻഡൻസ് സ്റ്റേറ്റ് മെൻറ് കൂടി പരിശോധിച്ച് അർഹമായ തുക മാത്രം അനുവദിക്കേണ്ടതാണ്. ഓരോ ജീവനക്കാരുടെയും കരാർ കാലാവധി അവസാനിക്കുന്ന തീയതി പ്രത്യേകം ശ്രദ്ധിക്കേണ്ടതും , പ്രസ്തുത കാലയളവ് അവസാനിച്ച ജീവനക്കാർക്ക് കരാർ നിയമനം പുതുക്കിനൽകിക്കൊണ്ട് ഉത്തരവാകുന്നതുവരെ യാതൊരു കാരണവശാലും വേതനം അനുവദിക്കാൻ പാടില്ലാത്തതുമാണ്.**

പരാമർശം (10) ലെ ഉത്തരവിന് വിധേയമായി ഇക്കാര്യത്തിന് ആവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ **2235-02-104-82 (പ്ലാൻ)** ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും അനുമതി നല്കുന്നു. ചെലവു സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം യഥാസമയം ജില്ലാ ഓഫീസർമാർ ലഭ്യമാക്കേണ്ടതാണ്.

**M. ANJANA IAS**
സാമൂഹ്യനീതി ഡയറക്ടർ

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.
(കൊല്ലം ജില്ല ഒഴികെ)

<u>പകർപ്പ് :</u>

1. സൂപ്രണ്ട് എ സെക്ഷൻ (അലോട്ട്മെന്റിനായി)
2. ഫിനാൻസ് ഓഫീസർ.
3. സുപ്രണ്ട് , പ്ലാനിംഗ് സെൽ
4. ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക് .
5. സ്റ്റോക്ക് ഫയൽ /സ്പെയർ.

അംഗീകാരത്തോടെ
സൂപ്രണ്ട്